**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **28-07-2021 - ൽ മറുപടിയ്ക്ക്**

**മലയിൻകീഴ് താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മലയിൻകീഴ് താലൂക്ക് ആശുപത്രിക്കായുള്ള (കിഫ്ബി പദ്ധതി) കെട്ടിട നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സർക്കാർ 23.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോ തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 15.25 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചു. തുടർന്ന് പ്രവർത്തികൾ ടെണ്ടർ ചെയ്തു. ആരോഗ്യ വകുപ്പിലെ ടെണ്ടർ സബ് കമ്മറ്റി 07.07.2021 ന് കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ അംഗീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ അക്സപ്റ്റൻസ് കമ്മറ്റിയുടെ അംഗീകാരത്തിനുള്ള നടപടികൾ നടന്നു വരികയാണ്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാനാകുമെന്നും എത്ര ദിവസം കൊണ്ട് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ബി) | ടെണ്ടർ അക്സപ്റ്റൻസ് കമ്മറ്റിയുടെ അംഗീകാരത്തിനു ശേഷം 15 മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ